മങ്ക എന്ന ഹരിജൻ സ്ത്രീയെ മർദ്ദിച്ച സംഭവം

1480. [2229] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ താലൂക്കിലെ ചിറ്റിലഞ്ചേരി കടംപിടി എന്ന സ്ഥലത്തെ മങ്ക എന്ന ഹരിജൻ സ്ത്രീയെ കഴിഞ്ഞ സെപ്റ്റംബർ 26-ാം തീയതി രാത്രി ഒമ്പത് മണിക്ക് ശിവദാസ്, കണ്ണൻ എന്നിവർ വീട്ടിൽ കടന്നു ചെന്ന് മർദ്ദിക്കുകയും മാനഭംഗപ്പെടുത്തുകയും ചെയ്ത കേസ് ആലത്തൂർ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കുന്നതിന്റെ കാരണമെന്ത് ?

ഉത്തരം

(എ) കേസ് വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ (ക്രൈം നമ്പർ 246/86) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

നാണിയുടെയും മറ്റും പരാതി

1481. [2230] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴംകുളം പഞ്ചായത്തിൽ കടിക വാർഡിൽ കിഴക്കേതിൽ വീട്ടിൽ ശ്രീമതി നാണിയും മറ്റും 17-7-1986-ൽ നൽകിയ പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ പരാതിക്ക് ആധാരമായ സംഗതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) പരാതിയിൽ പറഞ്ഞിരിക്കുന്ന സംഭവത്തെപ്പറ്റി അടിയന്തിരമായി അന്വേഷണം നടത്തുന്നതോടൊപ്പം പരാതിക്കാരിയുടെ കുടുംബത്തെ സഹായിക്കാനുള്ള നടപടികളും കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാരിയുടെ മകൻ പങ്കജാക്ഷൻ കൊല്ലപ്പെട്ടത് സംബന്ധിച്ച് ;

(സി) ഇത് സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 210/86 അസ്വാഭാവിക മരണം എന്ന ശീർഷകത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിൽ ഇത് കൊലപാതകമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 302 ഐ. പി. സി. വകുപ്പ് ഉൾപ്പെടുത്തുകയും പ്രതിയെ അറസ്റ്റ് ചെയ്യുകയും ഉണ്ടായി. കേസ് വിചാരണയിലിരിക്കുകയാണ്.

(ഡി) സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കാനാവില്ല.

പെരുമ്പള്ളി അന്തോണി ലോറൻസിന്റെ പോസ്റ്റ്മാർട്ടം

1482. [2232] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇരിങ്ങാലക്കുട ആശുപത്രിയിൽ മാപ്രാണം സ്വദേശി പെരുമ്പള്ളി അന്തോണി ലോറൻസിന്റെ ശവം പോസ്റ്റ്മോർട്ടത്തിനായി എന്നാണ് കൊണ്ടുവന്നത് ; പോസ്റ്റുമോർട്ടം എന്ന് നടത്തി ;

(ബി) പോസ്റ്റുമോർട്ടം നടത്താനുണ്ടായ കാലതാമസത്തിന്റെ കാരണങ്ങൾ പറയാമോ ;

(സി) ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ശ്രീ. അന്തോണി ലോറൻസിന്റെ മൃതശരീരം 21-10-1986-ന ഉച്ച കഴിഞ്ഞ് 12.50-ന് ഇരിഞ്ഞാലക്കുട സർക്കാർ ആശുപത്രിയിൽ കൊണ്ടു വന്നു. 23-10-1986-ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് പോസ്റ്റുമോർട്ടം നടത്തി.

(ബി) മൃതദേഹം ചീഞ്ഞഴുകിയ നിലയിൽ ആയിരുന്നു. കയ്യേറാം നടന്നതായും പ്രചരണം ഉണ്ടായിരുന്നു. അതിനാൽ ഡ്യൂട്ടി ഡോക്ടർക്ക് പോലീസ് സർജന്റെ സഹായം ആവശ്യമായി വന്നു. അതിനുള്ള നടപടി ഉടൻതന്നെ സ്വീകരിച്ചു. 22-10-1986-ന് രാത്രി 11 മണിക്ക് പോലീസ് സർജന്റെ നിർദ്ദേശപ്രകാരം മൃതശരീരം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി. 23-10-1986-ന് അവിടെവച്ച് പോസ്റ്റുമോർട്ടം നടത്തി.

(സി) ഇത്തരം സംഭവങ്ങൾ സാധാരണയായി ഉണ്ടാകാറില്ല.

ശ്രീ. കെ. രാമകൃഷ്ണനെ കസ്റ്റഡിയിൽ എടുത്ത സംഭവം

1483. [2233] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 ജൂൺ മാസത്തിൽ പാലക്കാട് ടൗൺ നോർത്ത് പോലീസ് ശ്രീകൃഷ്ണപുരം വി. ടി. ഭട്ടതിരിപ്പാട് സ്മാരക കോളേജിലെ ലക്ചറർ ആയ ശ്രീ. കെ. രാമകൃഷ്ണനെ കസ്റ്റഡിയിൽ എടുത്തതിനെപ്പറ്റി ഓറൽ എൻക്വയറി നടത്താൻ പാലക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ചുമതലപ്പെടുത്തിയ തീയതി വ്യക്തമാക്കാമോ ;

(സി) ഓറൽ എൻക്വയറി ഈ കേസ്സിൽ നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഓറൽ എൻക്വയറി ഇതിനകം നടത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട വർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 27-1-1986-ൽ.

(സി) ഉണ്ട്.

(ഡി) ഓറൽ എൻക്വയറി പൂർത്തിയാക്കിയിട്ടുണ്ട്. കുറ്റാരോപിതർക്ക് അന്തിമ സമാധാന പത്രിക നൽകുന്നതിന് 17-10-1986 മുതൽ 15 ദിവസത്തെ സമയം നൽകിയിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly